# കേരളസർവകലാശാല

നം.പി.ആർ.132/2021

## പത്രക്കുറിപ്പ്

### പിഎച്ച്.ഡി. രജിസ്ട്രേഷൻ

കേരളസർവകലാശാല ജൂലൈ 2021 സെഷന് പിഎച്ച്.ഡി. സെഷനിലേക്ക് ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് എന്ന വിഷയത്തിൽ ഓൺലൈൻ രജിസ്ട്രേഷൻ അനുവദിച്ചിരിക്കുന്നു. ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി 15.07.2021.

### പ്രാക്ടിക്കൽ പരീക്ഷ

കേരളസർവകലാശാല 2021 ജൂണിൽ നടത്തിയ ആറാം സെമസ്റ്റർ ബി.പി.എ വീണ പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ 2021 ജൂലൈ 21 മുതൽ തിരുവനന്തപുരം ശ്രീ. സ്വാതി തിരുനാൾ സംഗീത കോളേജിൽ വച്ച് നടത്തുന്നതാണ്. വിശദവിവരം വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 ജൂണിൽ നടത്തിയ ആറാം സെമസ്റ്റർ ബി.പി.എ വയലിൻ പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ 2021 ജൂലൈ 12 മുതൽ 16 വരെ തിരുവനന്തപുരം ശ്രീ. സ്വാതി തിരുനാൾ സംഗീത കോളേജിൽ വച്ച് നടത്തുന്നതാണ്. വിശദവിവരം വെബ്സൈറ്റിൽ.

കേരളസർവകലാശാല ആറാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എസ്.സി (2018 അഡ്മിഷൻ റഗുലർ, 2015, 2016, 2017 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷ മാർച്ച് 2021 ന്റെ മാത്തമറ്റിക്സ്, ബയോകെമിസ്ട്രി, മൈക്രോബയോളജി എന്നീ വിഷയങ്ങളുടെ പ്രാക്ടിക്കൽ പരീക്ഷകളുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

### പരീക്ഷാ ഫലം

കേരളസർവകലാശാല 2020 മാർച്ചിൽ നടന്ന രണ്ടാം സെമസ്റ്റർ എം. എ. ഫിലോസഫി, സംസ്കൃതം ജനറൽ, എക്ണോമിക്സ്, ബിസിനസ് എക്ണോമിക്സ്, സോഷ്യോളജി, ഇസ്ലാമിക് ഹിസ്റ്ററി, തമിഴ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ, ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ്, മാസ്സ് കമ്മ്യൂണിക്കേഷൻ ആന്റ് ജേർണലിസം, എം.എസ്.സി. ഫിസിക്സ്, സുവോളജി, ജിയോളജി, എൻവറോൺമെന്റൽ സയൻസ്, സ്റ്ററ്റിസ്റ്റിക്സ്, എം.കോം. എന്നീ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരം സർവ്വകലാശാല വെബ്സെറ്റിൽ. സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിക്കാനുള്ള അവസാന തീയതി ജൂലൈ 19.

കേരളസർവകലാശാല 2020 മെയിൽ നടന്ന രണ്ടാം സെമസ്റ്റർ ബി.ബി.എ (195) 2019 അഡ്മിഷൻ റഗുലർ 2018 അഡ്മിഷൻ ഇംപ്രൂവ്മെന്റ് 2017, 2016, 2015 & 2014 അഡ്മിഷൻ സപ്ലിമെന്ററി, 2013 അഡ്മിഷൻ മേഴ്സി ചാൻസ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദ വിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ. പുനർ മൂല്യനിർണ്ണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ 16.07.2021 വരെ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്.

തിരുവനന്തപുരം,
07.07.2021.

പബ്ലിക് റിലേഷൻസ് ഓഫീസർ

**E-mail:** For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**